പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1233 — 05/03/2020 ൽ മറുപടിക്ക്

## റീ സർവ്വേ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം

**ചോദ്യം**
**ശ്രീ.എസ്.രാജേന്ദ്രൻ**
**,, കെ.വി.വിജയദാസ്**
**ശ്രീമതി വീണാ ജോർജ്ജ്**
**ശ്രീ.ബി.സത്യൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | റീസർവ്വേ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ റീസർവെ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി വില്ലേജ്, പഞ്ചായത്ത് തലങ്ങളിൽ ജനപ്രതിധികളെയും, റസിഡൻസ് അസോസിയേഷനുകളെയും, പൊതുജനങ്ങളെയും ഉൾപ്പെടുത്തി മീറ്റിങ്ങുകൾ സംഘടിപ്പിക്കുകയും, കൂടാതെ റീസർവെ സംബന്ധിച്ച വിവിധ ഘട്ടങ്ങളിൽ കേരള സർവ്വെയും അതിരടയാളവും ചട്ടം 6(1), 9(2), 13 എന്നിവ പ്രകാരം വിവിധ മാധ്യമങ്ങൾ മുഖേന പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകുകയും ചെയ്ത് റീസർവെ പ്രവർത്തനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നു. |
| (ബി) | നിലവിൽ എത്ര വില്ലേജുകളിലെ റീസർവ്വേ പൂർത്തിയാക്കി രേഖകൾ കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 907 വില്ലേജുകളുടെ റീസർവെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (സി) | ഡിജിറ്റൽ സർവ്വേ നടത്തിയിട്ടുള്ള വില്ലേജുകളെ റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങളുമായി സംയോജിപ്പിക്കുവാനും അതുവഴി പൊതുജനങ്ങൾക്ക് സർവ്വേ മാപ്പ് | (സി) | സംസ്ഥാനത്ത് റവന്യൂ, സർവെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളാണ് പ്രധാനമായും ഭൂമി സംബന്ധമായ ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിച്ചുവരുന്നത്. റവന്യൂ ഭരണത്തിന്റെ |

| | | | |
|---|---|---|---|
| | ഉൾപ്പെടെയുള്ള ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | ഭാഗമായി RELIS എന്ന സോഫ്റ്റ്‌വെയറും, വസ്തുക്കൾ രജിസ്ട്രേഷൻ ചെയ്യുന്ന ആവശ്യത്തിലേക്കായി PEARL എന്ന സോഫ്റ്റ്‌വെയറുമാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഈ രണ്ട് സോഫ്റ്റ് വെയറുകളും NIC തയ്യാറാക്കിയിട്ടുള്ളതും ഇവ തമ്മിൽ ബന്ധിപ്പിച്ചിട്ടുള്ളതുമാണ്. ഇതോടൊപ്പം NIC തന്നെ തയ്യാറാക്കിയിട്ടുള്ള 'ഭൂനക്ഷ' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സർവെ മാപ്പുകളെ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനവുമായി സംയോജിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിലേക്കായി പ്രസ്തുത സോഫ്റ്റ്‌വെയർ വകുപ്പിനനുയോജ്യമായ രീതിയിൽ കസ്റ്റമൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് NIC യുമായി പ്രാരംഭ ചർച്ചകൾ നടത്തിവരുന്നു. ഇത് സാധ്യമാകുന്നതിലൂടെ റവന്യൂ, സർവെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് മാപ്പുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭൂപരിപാലനം പൂർണ്ണമായും ഓൺലൈൻ മുഖാന്തിരം നിർവ്വഹിക്കുവാൻ സാധിക്കുന്നതും, ഭൂമി സംബന്ധമായ ആവശ്യങ്ങൾ വളരെ വേഗത്തിൽ നിറവേറ്റാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ